പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 87 28.01.2019 ൽ മറുപടിക്ക്

## വിമാനത്താവളങ്ങളിലെ ഇന്ധന നികുതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ഉബൈദുള്ള | | പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | വിമാനത്താവളങ്ങളിൽ ഇന്ധന നികുതിക്ക് നൽകിവരുന്ന വാറ്റ് തീരുവയിൽ ഇളവുകൾ നൽകി സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | സംസ്ഥാനത്തെ എല്ലാ വിമാനത്താവളങ്ങൾക്കും ഒരേ നിരക്കിലാണോ ഇളവുകൾ നൽകിയിട്ടുള്ളത്; അല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | എയർ ലൈൻ ഓപ്പറേറ്റർമാരുടെ സഹായത്തോടെ ആഭ്യന്തര വിമാനയാത്രയെ പ്രോത്സാഹിപ്പിക്കുന്നതിലേക്കായി കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ, എയർ ലൈൻ ഓപ്പറേറ്റർമാർ എന്നിവർ സംയുക്തമായി സഹകരിച്ച് ആഭ്യന്തര റൂട്ടുകളിൽ ചെലവ് കുറഞ്ഞ വിമാനയാത്ര സാധ്യമാക്കുന്നതിന് നടപ്പിലാക്കിയ റീജിയണൽ കണക്റ്റിവിറ്റി സ്കീമിന്റെ (ആർ.സി.എസ്.സ്കീം- ഉഡാൻ) നിബന്ധനകൾ പ്രകാരം ആർ.സി.എസ് വിമാനത്താവളങ്ങൾ ഏവിയേഷൻ ടെർബൈൻ ഫ്യൂവൽ (എ.റ്റി.എഫ്) മേലുള്ള വാറ്റ് 10 വർഷത്തേയ്ക്ക് 1% മായി കുറയ്ക്കേണ്ടതുണ്ട്. കൂടാതെ, ഏകദേശം 2250 കോടി രൂപ മുതൽ മുടക്കി സ്ഥാപിച്ചിട്ടുള്ള കണ്ണൂർ വിമാനത്താവളത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ഭാരിച്ച സാമ്പത്തികം ആവശ്യമാണ്. ഒരു ഗ്രീൻ ഫീൽഡ് എയർപോർട്ട് ആയതിനാൽ ഈ വിമാനത്താവളത്തിലെ മാനവശേഷി ഉൾപ്പെടെയുള്ള എല്ലാ സേവനങ്ങളുടെയും ചെലവ് എയർപോർട്ട് തന്നെ വഹിക്കേണ്ടതായിട്ടുണ്ട്. A T F ന് മേലുള്ള നികുതി 10 വർഷത്തേക്ക് 1% ആക്കിയാൽ മാത്രമേ കണ്ണൂർ വിമാനത്താവളത്തിലേയ്ക്ക് കൂടുതൽ വിമാനക്കമ്പനികളെ ആകർഷിക്കുന്നതിനും, അതോടൊപ്പം യാത്രക്കാരുടെ ടിക്കറ്റ് നിരക്ക് കുറയ്ക്കുന്നതിനും സാധിക്കുകയുള്ളു. ഈ സാഹചര്യത്തിൽ ഉഡാൻ സ്കീമിൽ ഉൾപ്പെട്ട കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിനും ആഭ്യന്തര വിമാന |

| | | | |
|---|---|---|---|
| | | | സർവ്വീസുകൾ നടത്തുന്ന വിമാനങ്ങൾക്ക് ഏവിയേഷൻ ടെർബൈൻ ഫ്യൂവലിന്മേലുള്ള KGST 1% മായി കുറച്ചിട്ടുണ്ട്. |
| (സി) | ഉയർന്ന ഇന്ധന നികുതി നിരക്ക് കാരണം കരിപ്പൂരിൽ നിന്നുള്ള ആഭ്യന്തര സർവ്വീസുകൾ നിർത്തി വെച്ച കാര്യം ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ; | (സി) യും (ഡി) യും (ഇ) യും | പുതിയ വിമാനത്താവളമായതിനാലും ഉഡാൻ പദ്ധതിയിൽ ഉൾപ്പെടേണ്ടതിനാലുമാണ് ഇന്ധന നികുതി പത്ത് വർഷത്തേക്ക് ഒരു ശതമാനമായി കുറയ്ക്കാൻ തീരുമാനിച്ചത്. കൂടുതൽ വിമാന കമ്പനികളെ ആകർഷിക്കുന്നതിനും ടിക്കറ്റ് നിരക്ക് കുറയ്ക്കുന്നതിനും ഇതുമൂലം കഴിഞ്ഞിട്ടുണ്ട്. ഇത്തരമൊരു സമീപനം സ്വീകരിച്ചുകൊണ്ടാണ് ആഭ്യന്തര റൂട്ടുകളിൽ ചെലവു കുറഞ്ഞ വിമാനയാത്ര സാധ്യമാക്കുന്നതിന് നടപ്പിലാക്കിയ റീജിയണൽ കണക്ടിവിറ്റി - ഉഡാൻ സ്കീമിൽ കണ്ണൂർ വിമാനത്താവളത്തെ ഉൾപ്പെടുത്താൻ കഴിഞ്ഞത്. ഇത് ആഭ്യന്തരയാത്രക്കാരെ സംബന്ധിച്ചിടത്തോളം പ്രയോജനകരമാണ്. കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം വിമാനത്താവളങ്ങൾക്ക് ഈ ഇളവിന് അർഹത വരുന്നില്ല. കണ്ണൂർ, കാസർഗോഡ് ജില്ലകൾക്ക് പുറമെ കർണ്ണാടക സംസ്ഥാനത്തെ യാത്രക്കാരാണ് കണ്ണൂർ വിമാനത്താവളത്തെ കൂടുതലായി ആശ്രയിക്കുന്നത്. ആയതിനാൽ കണ്ണൂർ വിമാനത്താവളത്തിന് നൽകിയ ഇളവ് കരിപ്പൂരിൽ നിന്നുള്ള ആഭ്യന്തര വിമാന സർവ്വീസുകളെ സാരമായി ബാധിക്കുമെന്ന് കരുതുന്നില്ല. |
| (ഡി) | കണ്ണൂർ എയർപോർട്ടിന് നൽകുന്ന നികുതി ഇളവുകൾ പൊതുമേഖല യിലുള്ള കോഴിക്കോട് വിമാന ത്താവളത്തിനെ ദോഷകരമായി ബാധിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത തീരുമാനം പുന:പരിശോധി ക്കുമോ; | | |
| (ഇ) | എങ്കിൽ കോഴിക്കോട് വിമാനത്താ വളത്തിലും ഇന്ധന നികുതിയിൽ ഇളവ് നൽകുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**